# 'ചിലന്തിമത'ത്തിന്റെ കാലം!

**സമീർ വടുതല**

*അല്ലാഹുവിനെ വിട്ട് മറ്റു രക്ഷകന്മാരെ സ്വീകരിക്കുന്നവർക്ക് ഒരുപമ: ഒരുവീട് സ്വയമുണ്ടാക്കിയ ചിലന്തിയെപ്പോലെയാണത്. എന്നാൽ വീടുകളിൽ ഏറ്റവും ദുർബലം ചിലന്തിയുടെ വീടു തന്നെ. അവർ മനസ്സിലാക്കിയെങ്കിൽ!*

(*ഖുർആൻ:* 29:41)

എട്ടുകാലിയെ എവിടെ കണ്ടാലും ഭയന്നോടിയിരുന്ന എഴുത്തുകാരനെ (ഒ.വി. വിജയനെ) ഓർത്തുപോയി. എന്തെന്നാൽ മൂലകൾ നിറയെ മാറാല കെട്ടിയ മുറിപോലെയായിരിക്കുന്നു ലോകം. ഇരയെ കാത്ത് വലവിരിച്ചിരിക്കുന്ന ചിലന്തിയുടെ മനസ്സാണെവിടെയും. കൂടപ്പിറപ്പിനെ, കുളിക്കാനുപയോഗിക്കുന്ന സോപ്പിനെയെന്നപോലെ നോക്കുന്ന കാലം. അപരൻ തനിക്കായി തേഞ്ഞ് തീരേണ്ടവനാണെന്ന പ്രയോജനവാദം വ്യാപിക്കുക തന്നെയാണ്. കൊടുക്കാനുള്ള കടപ്പാടുകൾ മറന്നുപോയ മനസ്സിൽ, കിട്ടാനുള്ള അവകാശങ്ങൾ മാത്രം കൂടുകൂട്ടിയിരിക്കുന്നു.

## പുതിയ മതം

നമ്മുടെ കാലത്ത് ഏറ്റവും വേഗത്തിൽ പ്രചരിക്കുന്ന മതമേതാണ്? കണക്കുകൾ പരതാതെ കണ്ണടച്ച് പറയാം; മുതലാളിത്ത 'മതം'. പൂമുഖം മുതൽ അടുക്കള വരെ കീഴടക്കിയ പുതിയ കാലത്തിന്റെ മതം. 'ചിലന്തിമത'മെന്നും പറയാം. എന്തെന്നാൽ മറ്റു ജീവികളിൽനിന്ന് ഭിന്നമായി, താൻ നിർമിക്കുന്ന വീട്ടിലേക്ക് സ്വന്തം ഇണയെപ്പോലും പ്രവേശിപ്പിക്കാത്ത ചിലന്തിയുടെ സ്വാർഥതയത്രെ ഈ മതത്തിന്റെ കാതൽ. എന്തിനെയും ലാഭ-ചേത ദൃഷ്ടിയോടെ മാത്രം നോക്കുന്ന നശിച്ച കച്ചവടമനസ്സ്. ആദായകരമല്ലാത്തതെല്ലാം (ബന്ധങ്ങളും) അടച്ചുപൂട്ടേണ്ടവയാണെന്ന് ദുർബോധനം ചെയ്യുന്ന ദുരയുടെ മതം.

പ്രായാധിക്യവും ദീനങ്ങളും തളർത്തിയ സ്വന്തം ഉമ്മയുപ്പമാർ, വീട്ടിൽനിന്നൊഴിവാക്കേണ്ട വേസ്റ്റായിത്തീരുന്നത് ഈ മതത്തിലാണ്. അഞ്ഞൂറ് രൂപ മുടക്കിയാൽ അഞ്ച് ലക്ഷം ലാഭിക്കാമെന്ന മോഹചിന്തയിൽ സ്വന്തം ബീജത്തിൽനിന്ന് മുളപൊട്ടിയ ജീവന്റെ തുടിപ്പിനെ ഭൂമി കാണിക്കാതെ ഭ്രൂണഹത്യ ചെയ്യുന്നതും ഈ മതത്തിലാണ്. അഴിഞ്ഞാട്ടത്തിന് പണമില്ലാത്തതിനാൽ ആറ് മാസം പ്രായമായ സ്വന്തം കുഞ്ഞിനെ പത്രദ്വാരാ വിൽപനക്കുവെച്ച് അമ്മമാരെ കണ്ടുമുട്ടുന്നതും ഈ മതത്തിൽതന്നെ. വിദ്യാഭ്യാസവും വിവാഹവും ആതുരസേവനവും മുതൽ മതചിഹ്നങ്ങൾ വരെ വ്യാപാരം. കടയും കസ്റ്റമറും കച്ചവടക്കാരനും മാത്രമായിത്തീരുന്ന പുതിയ ദുൻയാവ്. കമ്പോളമെന്ന പുതിയ 'കഅ്ബാലയ'ത്തിനു ചുറ്റും ജനജീവിതം കറങ്ങിത്തിരിയുന്നു!

മരങ്ങളിൽ പടർന്നുകയറുന്ന ഇത്തിക്കണ്ണികൾ കണക്കെ, എല്ലാവരെയും വരിഞ്ഞുമുറുക്കുകയാണ് വ്യാമോഹമതം. മതഭക്തനും മതരഹിതനും പാരമ്പര്യവാദിയും പുരോഗമനക്കാരനും അധ്യാപകനും വിദ്യാർഥിയും കലാകാരനും ശാസ്ത്രജ്ഞനും സ്ത്രീവാദിയും തൊഴിലാളിയും ഒരുപോലെ ഈ കെണിയിൽ കുരുങ്ങുന്നതാണ് പുതിയ കാഴ്ച.

തെരുവോരത്തെ കരിക്ക് വിൽപനക്കാരൻ മുതൽ വമ്പൻ വ്യാപാരികൾവരെ യാതൊരു മറയുമില്ലാതെ ഉപഭോക്താവിനെ കൊള്ളയടിക്കുന്നു. നമ്മുടെ പാതവക്കുകളിൽ 'ഹോട്ടൽ ഊട്ടുപുര'കൾ ഉയരുന്നത് ശ്രദ്ധിച്ചോ? (പേരിലറിയാം, ഊരിലെപഞ്ഞം!) നാടൻ പഴമയുടെ കൃത്രിമക്കാഴ്ചകളൊരുക്കി കീശ പിഴിയുന്ന കച്ചവടം. പുതിയ കമ്പോളമതം ഒരാകർഷണത്തെയും വെറുതെ വിടുന്നില്ലെന്നർഥം. പുതുമയോ പഴമയോ എന്നില്ല, നിങ്ങളുടെ എല്ലാ അഭിരുചികളിലും അത് പിടിമുറുക്കുന്നു. നിരായുധനായി നിൽക്കുന്നവനെ പരസ്യങ്ങൾ റാഞ്ചിയെടുക്കുന്നു. ഒരായിരം കൈകളാൽ ഇക്കിളിപ്പെടുത്തുന്നു. പ്രലോഭിപ്പിക്കുന്നു. പരസ്യകലയുടെ പ്രപിതാമഹനായ ഇബ്‌ലീസിന്റെ പ്രഖ്യാപനമാണ് ഓർമവരുന്നത്: 'നിന്റെ നേർമാർഗത്തിൽ അവർക്കായി ഞാൻ പതിയിരിക്കും. എന്നിട്ട് അവരുടെ മുന്നിലൂടെയും പിന്നിലൂടെയും വലതുഭാഗത്തു കൂടെയും ഇടതുഭാഗത്തുകൂടെയും ഞാനവരെ സമീപിക്കും' (ഖുർആൻ: 7:16,17).

നിത്യജീവിതത്തിന്റെ ദുരിതക്കയത്തിലകപ്പെട്ടയാൾ വായ്പക്ക് കൈനീട്ടുമ്പോൾ, കണക്കു പറഞ്ഞ് പലിശ ചോദിക്കുന്നവൻ മനുഷ്യത്വമില്ലാത്ത പിശാച്. അപ്പോൾ, പുരനിറഞ്ഞ് നിൽക്കുന്ന തന്റെ മകൾക്ക് ഒരു ജീവിതത്തിനായി കൈനീട്ടുന്നവരോട്, കൈനിറയെ പണവും പണ്ടങ്ങളും വേണമെന്ന് ശഠിക്കുന്നവനോ? കാലിച്ചന്തയിൽ മാടിനെയെന്നവണ്ണം താൻ തേടുന്ന പെണ്ണിന്റെ അഴകളവുകൾ പത്രത്തിൽ പരസ്യപ്പെടുത്തുന്നവനോ? മൂവരും കൈവെക്കുന്നത് മനുഷ്യജന്മത്തിന്റെ നിസ്സഹായതകളിലാണല്ലോ. അപരന്റെ കണ്ണീരിൽ ആനന്ദം കണ്ടെത്തുന്നവന്റെ മതമേതാണ്? പ്രണയ-കാരുണ്യങ്ങളുടെ ഭൂമികയിൽ നിർമിച്ചെടുക്കേണ്ട പവിത്രബന്ധങ്ങൾ, ആർത്തിയുടെ കണക്കുകൾക്കുമേൽ കെട്ടിപ്പൊക്കിയാൽ നിലനിൽക്കുമോ, നിലംപൊത്തുമോ?

## പ്രേരണകൾ

പണമാണിന്ന് മൂല്യം. ഖാറൂനാണ് (ധനം ഒരു ദുരന്തമായിത്തീരുന്നവരുടെ പ്രതീകമായി ഖുർആൻ പരാമർശിച്ച മുതലാളി) ഹീറോ. ആർത്തിയാണ് നമ്മുടെ അടയാളം. അംബാനിമാരുടെ ആസ്തിയുടെ കണക്കുകൾ വായിക്കുമ്പോൾ

ആദർശവാദിയുടെ കണ്ണുകളിൽ പോലും അസൂയയുടെ തിരയിളക്കം! സരസനായ ഒരാൾ കളിയായി പറഞ്ഞതത്രെ കാര്യം; 'മൂസാനബിയും ഈസാനബിയും പോയി. ഇത് പൈസാനബിയുടെ കാലം.' പണം പ്രവാചകനല്ല, പടച്ചവനായിത്തീർന്നതാണ് പുതിയ നില. തിരുനബി മൊഴിഞ്ഞതോർക്കുക: 'ആദം പുത്രന് കനകത്തിന്റെ രണ്ട് താഴ്‌വരകൾ കൈവന്നാൽ മൂന്നാമതൊന്നിനായി കൊതിക്കും. മണ്ണിന് മാത്രമേ അവന്റെ ആസക്തികളെ ശമിപ്പിക്കാനാകൂ.'

പണം കൈവശപ്പെടുത്താൻ അന്യോന്യം ആഹാരത്തിൽ വിഷം കലർത്തിയ പാക്കനാർ കഥയിലെ വഴിപോക്കരെ ഓർമയുണ്ടോ? കഥയിലേതുപോലെ പണം 'ആളെക്കൊല്ലി'യായി വിഹരിക്കുന്നു. വഴിവിട്ട വഴികളിലൂടെ ധനമാർജിക്കാനുള്ള ത്വരതന്നെയാണ് യഥാർഥ വില്ലൻ. സംയമസുന്ദരമായ ഭൂമിയെ സംഘർഷഭരിതമാക്കുന്നത് മനുഷ്യന്റെ ഈ പണക്കൊതിയത്രെ: 'ജനങ്ങളുടെ കൈകൾ അവിഹിതമായി സമ്പാദിക്കാൻ ശ്രമിക്കുകയാൽ കരയിലും കടലിലും കലാപങ്ങൾ വെളിപ്പെട്ടിരിക്കുന്നു' (ഖുർആൻ: 30:41).

## കറുത്ത കാഴ്ചകൾ

സുഖത്തോടുള്ള കൊതിയാണ് പണത്തോടുള്ള കൊതിയായിത്തീരുന്നത്. എന്തെന്നാൽ സുഖങ്ങളെല്ലാം ഇന്ന് പൂക്കുന്നത് പണത്തിന്റെ കൊമ്പുകളിലത്രെ. രതിയും മദ്യവും അധികാരവും ലഹരിയായി സിരകളിൽ പടരുമ്പോൾ മൂല്യങ്ങൾ കാറ്റിൽപറത്തേണ്ട കരിയിലകളാകുന്നു. തിന്മകളുടെ മാതാവായ മദ്യം മാന്യതയുടെ സിംബലായി. ജനം കൈയടിക്കുന്ന കലാകാരന്മാർ മദ്യസുഖത്തിലേക്ക് അവരെ മാടിവിളിക്കുന്നു! സദാചാരത്തിന് കാവൽ നിർത്തിയ പോലീസുകാരനെ വ്യഭിചാരശാലയിൽനിന്ന് ജനം പിടിച്ചിറക്കുന്നു! ഉച്ചഭക്ഷണം പൂർത്തിയാക്കാതെ പരീക്ഷയെഴുതാൻ ഓടിപ്പോയ കുഞ്ഞുമോളുടെ ചവച്ചുതുപ്പിയ ശരീരം, റോഡുവക്കിലെ പണിതീരാത്ത കെട്ടിടത്തിൽനിന്നു കണ്ടെടുക്കേണ്ടിവരുന്നു, കാമാർത്തിയാൽ കണ്ണ് കാണാതായവനെ പേടിച്ച് കൗമാരക്കാരിയായ മകൾ വീട് വിട്ടിറങ്ങുന്നു.... വീടു പോലും ഇരകളും വേട്ടക്കാരും പാർക്കുന്ന ഇരുണ്ട ഇടമായി മാറുകയാണോ?

## അധികാരം

അധികാരമാണ് മറ്റൊരു മോഹവസ്തു. സുഖിപ്പിക്കുകയും ദുഷിപ്പിക്കുകയും ചെയ്യുന്ന അധികാരം. കിടമത്സരങ്ങളുടെ കൂത്തരങ്ങായിത്തീരുന്ന ജീവിതം. ഈയിടെ വായിച്ച ഒരു കഥയിലെ കഥാപാത്രം (പൊതുപ്രവർത്തകൻ) മൊഴിയുന്നത്; 'രാഷ്ട്രീയമാകുന്ന കലക്കവെള്ളത്തിൽ നീന്തിത്തുടിച്ച്, വഴുതി വഴുതിപ്പോകുന്ന അധികാരമെന്ന മത്സ്യത്തെ കൈപ്പിടിയിലൊതുക്കുമ്പോൾ കിട്ടുന്ന ലഹരി മറ്റൊന്നിൽനിന്നും ലഭ്യമല്ല എന്നാണ്. നിരുപാധികമായ അധികാരത്തിന്റെ സുഖലഹരിയിൽ മനുഷ്യൻ അഹന്തയുടെ ഗോപുരം കയറുന്നു. പരമോന്നത ദൈവം താനാണെന്നും മൂസയുടെ ദൈവത്തെ താൻ അമ്പെയ്തു കൊന്നുവെന്നും അഹങ്കരിച്ച ഉന്മാദിയായ ഫറവോനെ ഓർക്കുക. അധികാരത്തിന്റെ അതിരില്ലാത്ത ആ ഉന്മാദം ചെങ്കടലിന്റെ ആഴങ്ങളിൽ ശ്വാസംമുട്ടി ചത്തത് ചരിത്രം. 'ദൈവം മരിച്ചെ'ന്ന് സിദ്ധാന്തിച്ച നീത്ഷെ, ഭ്രാന്തനായി മരിച്ചത് മറ്റൊരു കഥ. ദൈവത്തെ കൊന്നവരോടും മൂല്യങ്ങൾക്ക് ചരമഗീതം കുറിച്ചവരോടുമത്രെ ഈ കറുത്ത കാലം കടപ്പെട്ടിരിക്കുന്നത്.

## പ്രതിരോധം

പ്രാർഥനയുടെ പരിസമാപ്തിയിൽ പ്രവാചകൻ മൊഴിയുന്നു: 'നാഥാ! സർവചരാചരങ്ങളുടെയും രക്ഷിതാവേ! എല്ലാ മനുഷ്യരും ഏകോദര സഹോദരങ്ങളെന്നതിന് ഞാൻ സാക്ഷി......' പരസ്പരം ചോരചിന്തിക്കൊണ്ടേയിരുന്ന ഗോത്രവൈരികളെ സ്നേഹപാശത്തിൽ തിരുനബി ബന്ധിച്ചത് ഈ സാഹോദര്യബോധത്താലത്രെ. അപ്പോൾ വിടർന്ന കുടുംബകൂട്ടായ്മയായിരുന്നു മദീനാ സമൂഹം. പ്രവാചകന്റെ പട്ടണം മാനവികതയുടെ പ്രകാശ നഗരമായി (മദീന മുനവ്വറ). നീയും ഞാനും കൂടപ്പിറപ്പുകളാണെന്ന തിരിച്ചറിവിന്റെ അനർഘനിമിഷത്തിൽ, മദീനാവാസികളും പ്രവാസികളും ഒന്നായിത്തീർന്നു. തന്റെ വിഹിതം കൂടി ആനന്ദത്തോടെ അപരന് വിട്ടുകൊടുക്കുന്ന അൻസ്വാരിയുടെ ജീവിതവഴികളിൽ സ്വാർഥത്തിനിടമില്ലായിരുന്നു, ചൂഷണത്തിനും. അങ്ങനെയാണ് മദീന, മനുഷ്യബന്ധങ്ങളുടെ സ്വർഗഭൂമിയായത്.

ഖുറൈശിയായ നബി ഒരു ദിനം പറഞ്ഞു: 'ഞാൻ അശ്അരീ ഗോത്രക്കാരൻ.' ശ്രോതാക്കൾ അത്ഭുതം കൂറിയപ്പോൾ ഇങ്ങനെ തുടർന്നു: 'അശ്അരീ ഗോത്രക്കാർ ദുരിതവേളകളിൽ സഹാനുഭൂതിയാൽ ഒത്തുകൂടുന്നു. നിലത്ത് വിരിച്ച വലിയ തട്ടത്തിൽ എല്ലാവരുടെയും വിഭവങ്ങൾ ഒരുമിച്ചുചേർത്ത് എല്ലാവർക്കുമായി വീതിക്കുന്നു...' ഈ പങ്കുവെപ്പിലെ നീതിബോധം, കൂടപ്പിറപ്പ് ബന്ധം, സാമൂഹികത ഇതത്രെ തിരുമേനിയെ ആവേശഭരിതനാക്കിയത്.

ഒരിക്കൽ, പ്രവാചകൻ വിശന്നുപൊരിഞ്ഞ് നടക്കവെ, വഴിയിൽ ഒരു കാരക്ക കണ്ടു. കത്തുന്ന വയറും പാകമായ പഴവും! തെല്ലിട നിന്നു. പിന്നെ, നിസ്സംഗനായി നടന്നു. എന്നിട്ട് ഇങ്ങനെ തന്റെ മനോഗതം വെളിപ്പെടുത്തി: 'അത് സകാത് ശേഖരത്തിൽ പെട്ടതല്ലെന്ന് ഉറപ്പുണ്ടായിരുന്നെങ്കിൽ ഞാൻ ഭക്ഷിച്ചേനെ...' കണ്ണുകളെ ഈറനണിയിക്കുന്ന ഈ സൂക്ഷ്മതാ ബോധമത്രെ, സമ്പാദ്യത്തിലും വ്യയത്തിലും വെളിച്ചമായിത്തീരുന്നത്.

ഖലീഫാ ഉമർ രണ്ടാമനെ സന്ദർശിച്ച ഒരു പരദേശി, അദ്ദേഹത്തിന്റെ കൊച്ചുകൂര കണ്ട് അതിശയപ്പെട്ടു. കൊട്ടാര നിർമാണം പൂർത്തിയാകും വരെ ഉപയോഗിക്കുന്ന തൽക്കാല വസതിയായിരിക്കുമതെന്ന് അയാൾ നിരീക്ഷിച്ചു. അപ്പോൾ ചെറുപുഞ്ചിരിയോടെ ഖലീഫ മൊഴിയുന്നു: 'അതേ, സഹോദരാ, പുതിയ വീട് പണി പൂർത്തിയായാൽ അങ്ങോട്ട് മാറും.......' ഇഹലോക സുകൃതങ്ങൾ കൊണ്ട് നിർമിക്കുന്ന പരലോകഭവനമത്രെ അദ്ദേഹം ഉദ്ദേശിച്ചത്. ജീവിതാനന്തര ജീവിതത്തെക്കുറിച്ച ഈ ഉറപ്പാണല്ലോ ആർഭാടങ്ങളെ വിട്ട് ലാളിത്യത്തെ പുൽകാൻ നിർബന്ധിക്കുന്നത്.

തന്റെ ശിഷ്യനെ, മുആദുബ്നു ജബലിനെ യമനിലെ ഗവർണറായി നിയമിക്കവെ പ്രവാചകൻ ഉപദേശിച്ചു: 'താങ്കൾ സുഖപ്രമത്തതയെ സൂക്ഷിക്കുക. നിശ്ചയം, ദൈവത്തിന് പ്രിയപ്പെട്ടവർ സുഖലോലുപരല്ല...' പണവും സുഖവും അധികാരവും പരമലക്ഷ്യങ്ങളായ മോഹവഴികളിൽ തിരക്കിട്ട് പായുമ്പോൾ, കമ്പോളം ജീവിതശീലങ്ങളെയും പെരുമാറ്റങ്ങളെയും ബന്ധങ്ങളെയും നിർണയിക്കുമ്പോൾ എല്ലാ മതക്കാരും മതമില്ലാത്തവരും ഒരേ മതത്തിന്റെ ഭക്തരും പരികർമികളുമായിത്തീരുന്നു. അതിനാൽ, കാഫ്കയുടെ കഥയിലെന്നപോലെ സ്വയമൊരു ചിലന്തിയായി മാറുന്നുണ്ടോ എന്ന് ദിവസവും നമുക്ക് കണ്ണാടിയിൽ നോക്കാം. ■